# STD - IV

## അദ്ധ്യാപക സഹായി

**പാഠം - ആറ് അനുരഞ്ജനം ഭാഗം - ഒന്ന്**

### ലക്ഷ്യം

അനുതപിക്കാതെ പാപത്തോടെ തന്നെ മരിക്കുന്നവർ നിത്യനാശത്തിൽ നിപതിക്കുന്നു. അനുരഞ്ജനം എന്ന കൂദാശയിലൂടെ പാപം മൂലം നഷ്ടപ്പെട്ട ദൈവവരപ്രസാദം തിരികെ കിട്ടി ദൈവപിതാവിന്റെ കാരുണ്യവും ക്ഷമിക്കുന്ന സ്നേഹവും അനുഭവിക്കാൻ സാധിക്കും. പാപങ്ങളെല്ലാം ഏറ്റുപറഞ്ഞ് പശ്ചാത്തപിക്കും.

### പഠനസഹായികൾ

* സക്കേവൂസിന്റെ അനുതാപം - വീഡിയോ
* Kumbasaram (കുമ്പസാരം)/ A short film on confession of Catholic church / Jesus Youth short film

### പാഠത്തിന്റെ ഉള്ളടക്കം

* സക്കേവൂസിന്റെ പശ്ചാത്താപവും, പ്രായശ്ചിത്തവും.
* എന്താണ് പാപം? എത്രവിധം?
* പാപംമൂലം സംഭവിക്കുന്നതെന്ത്?
* പാപംമൂലം തകരുന്ന ബന്ധങ്ങൾ

### പ്രാർത്ഥന

അനുതപിച്ച പാപിയെ ചേർത്തുപിടിച്ച ദൈവമേ, പാപങ്ങളാൽ അങ്ങിൽ നിന്നും അകന്നാൽ പശ്ചാത്തപിച്ച് അവ ഏറ്റുപറഞ്ഞ് അങ്ങില്ലേക്ക് മടങ്ങിവരുവാൻ ഞങ്ങളെ സഹായിക്കണമേ.

### ചോദ്യങ്ങൾ

1. പാപം എന്നാലെന്ത്? എത്രവിധം? എന്തെല്ലാം?
2. കർമ്മപാപം എത്രവിധം? ഏതെല്ലാം?
3. പാപത്തിന്റെ ഫലങ്ങൾ എന്തെല്ലാം?
4. പാപംമൂലം തകരുന്ന ബന്ധങ്ങൾ ഏതെല്ലാം?
5. ബൈബിളിൽ ചെയ്തുപോയ തെറ്റുകളെക്കുറിച്ചോർത്ത് പശ്ചാത്തപിക്കുകയും പ്രായശ്ചിത്തം ചെയ്യുകയും അനുതപിച്ച് രക്ഷപ്രാപിക്കുകയും ചെയ്ത ചുങ്കക്കാരനായ ധനാഢ്യന്റെ പേരെന്ത്?

# STD - IV

## അദ്ധ്യാപക സഹായി

**പാഠം - ആറ്　　　　അനുരഞ്ജനം　　　　ഭാഗം - രണ്ട്**

### ലക്ഷ്യം

അനുതപിക്കാതെ പാപത്തോടെ തന്നെ മരിക്കുന്നവർ നിത്യനാശത്തിൽ നിപതിക്കുന്നു. അനുരഞ്ജനം എന്ന കൂദാശയിലൂടെ പാപം മൂലം നഷ്ടപ്പെട്ട ദൈവവരപ്രസാദം തിരികെ കിട്ടി ദൈവപിതാവിന്റെ കാരുണ്യവും ക്ഷമിക്കുന്ന സ്നേഹവും അനുഭവിക്കാൻ സാധിക്കും. പാപത്തിൽനിന്ന് അകന്നു ജീവിക്കും. പാപം ചെയ്താൽ അനുതപിച്ച് അനുരഞ്ജനമെന്ന കൂദാശവഴി പാപമോചനം നേടും.

### പഠനസഹായികൾ

* ധൂർത്തപുത്രന്റെ ഉപമ സ്കിറ്റ് അവതരിപ്പിക്കുക /പാപിനിയായ സ്ത്രീയുടെ കഥ നാടകരൂപത്തിൽ അവതരിപ്പിക്കുക
* ധൂർത്തപുത്രന്റെ ഉപമ - വീഡിയോ

### പാഠത്തിന്റെ ഉള്ളടക്കം

* അനുരഞ്ജനം എന്ന കൂദാശയുടെ ഫലങ്ങൾ
* അനുരഞ്ജനം എന്ന കൂദാശയിലെ വിവിധ ഘട്ടങ്ങൾ
* മനസ്താപം
* കുമ്പസാരത്തിനുള്ള ജപം

### പ്രാർത്ഥന

സ്നേഹപിതാവായ ദൈവമേ, പാപംമൂലം ഞങ്ങൾ അങ്ങിൽനിന്ന് അകന്നുപോകുമ്പോൾ പശ്ചാത്തപിച്ചു അങ്ങിലേക്ക് തിരികെ വരാനുള്ള അനുഗ്രഹം ഞങ്ങൾക്ക് തന്നരുളണമേ.

### ചോദ്യങ്ങൾ

1. അനുരഞ്ജനം എന്ന കൂദാശയുടെ ഫലങ്ങൾ എന്തെല്ലാം?
2. പാപമോചനത്തിനുള്ള അധികാരം യേശു ആർക്കാണ് നൽകിയത്?
3. അനുതപിക്കാതെ പാപത്തിൽ മരിക്കുന്നവർക്ക് എന്ത് സംഭവിക്കുന്നു?
4. അപ്പസ്തോലന്മാരുടെ പിൻഗാമികൾ ആര്?
5. കുമ്പസാരത്തിനുള്ള ജപം കാണാപാഠം ചൊല്ലുക.